പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5544 — 27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. കെ. ആൻസലൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽപ്പെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ അവരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും അനുവദനീയമായ പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽ പെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ PWD നിരക്കുകളിൽ നിന്ന് വ്യത്യസ്തമായി തൊഴിലുറപ്പ് തൊഴിലാളികളുടെ work out turn കുറവായിരിക്കും. ഇത് ശാസ്ത്രീയമായി പഠിച്ച് യഥാർത്ഥ work out turn കണ്ടെത്തുന്നതിന് കിലയുടെ ആഭിമുഖ്യത്തിൽ ഒരു ടൈം ആന്റ് മോഷൻ സ്റ്റഡി നടത്തുകയുണ്ടായി. ഈ റിപ്പോർട്ട് 19-08-2017-ൽ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ടൈം ആന്റ് മോഷൻ സ്റ്റഡി മുഖേന എത്തിച്ചേർന്നിട്ടുള്ള പ്രതീക്ഷിത out turn കേരളത്തിലെ വ്യത്യസ്തമായ കാർഷിക കാലാവസ്ഥാ മേഖലകളിൽ മഴക്കാലത്തും വേനൽക്കാലത്തും പ്രത്യേകമായി ബാധകമാക്കുന്ന തരത്തിലുള്ള നിരക്കുകളാണ് ഇപ്രകാരം അംഗീകരിച്ചിട്ടുള്ളത്. Work out turn ശാസ്ത്രീയമായി നിർണ്ണയിച്ച് ഉറപ്പു വരുത്താൻ ഇതിലൂടെ സാധിക്കും. |
| (സി) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമായതിനാൽ ഈ പദ്ധതി അഴിമതിരഹിതമായും കൂടുതൽ കാര്യക്ഷമമമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതവും കൂടുതൽ കാര്യക്ഷമവും ആക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• തൊഴിലാളികളുടെ വേതനം നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നു. സാധന സാമഗ്രികളുടെ വില, വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ ബാങ്ക് അക്കൗണ്ട് |

| | | | |
|---|---|---|---|
| | | | [illegible] നൽകുന്നത്<br>• പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br>• പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംസ്ഥാനം എൻ.ഐ.സി.യുമായി ചേർന്ന് വികസിപ്പിച്ചെടുത്ത സെക്യൂർ (SECURE- Software for Estimate Calculation Using Rural rates for Employment) Software നടപ്പിലാക്കി വരുന്നു.<br>• തൊഴിലുറപ്പ് പദ്ധതി കൂടുതൽ സുതാര്യമാക്കുന്നതിനായി ഏറ്റെടുത്ത എല്ലാ പ്രവൃത്തികളുടെയും തുടങ്ങുന്നതിനു മുൻപും, നടന്നുകൊണ്ടിരിക്കുന്ന വേളയിലും, പൂർത്തീകരിച്ച ശേഷവുമുള്ള ഫോട്ടോ എടുത്ത് അക്ഷാംശം-രേഖാംശങ്ങൾ സഹിതം എം.ഐ.എസിൽ ഏതൊരു പൗരനും കാണത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള ജിയോടാഗിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>• എല്ലാ തൊഴിലിടങ്ങളിലും പ്രാദേശിക ഭാഷയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രദർശിപ്പിച്ചുവരുന്നു.<br>• ബ്ലോക്ക് (100%), ജില്ല (10%,) സംസ്ഥാനം (2%) എന്നീ തലങ്ങളിൽ ഫീൽഡ് പരിശോധന നടത്തി വരുന്നു.<br>• തൊഴിലുറപ്പ് പദ്ധതിയിൽ കരാറുകാരെ പങ്കെടുപ്പിക്കുന്നില്ല<br>• പദ്ധതിയിലെ എല്ലാ രേഖകളും ഏതൊരു പൗരനും എപ്പോൾ വേണമെങ്കിലും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ